LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

2011 ഫെബ്രുവരി 22, ചൊവ്വ

നിയമസഭ 2011 ഫെബ്രുവരി മാസം 22-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ .....ഓർഡർ.....ചോദ്യം നമ്പർ 241

പ്രവാസികൾക്കായി പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങുവാൻ പദ്ധതി

1 (*241) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസികൾക്കായി പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങുവാൻ പദ്ധതി തയ്യാറാക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ന്യൂഡൽഹിയിൽ കേന്ദ്ര സർക്കാർ സംഘടിപ്പിച്ച പ്രവാസി ഭാരതീയ ദിവസ് സംസ്ഥാനത്ത് പ്രവാസി നിക്ഷേപ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിന് പ്രയോജനപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) സംസ്ഥാനത്തെ ഏതെല്ലാം പദ്ധതികളാണ് സമ്മേളനത്തിലെ കേരള സെഷനിൽ അവതരിപ്പിച്ചത് ;

(ഡി) ചെറുകിട നിക്ഷേപകരെ ആകർഷിക്കുന്ന പദ്ധതികൾ സമ്മേളനത്തിൽ അവതരിപ്പിച്ചിട്ടുണ്ടോ ;

(ഇ) സംസ്ഥാനത്തെ നിക്ഷേപക സൗഹൃദാന്തരീക്ഷം നിക്ഷേപകരെ ബോദ്ധ്യപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) : സർ,

(എ) പ്രവാസികൾക്കായി പ്രത്യേക വ്യവസായ പാർക്ക് ആരംഭിക്കുന്ന കാര്യം കെ.എസ്.ഐ.ഡി.സി. പരിഗണിച്ചുവരികയാണ്. നിലവിൽ, കിൻഫ്രയുടെ എല്ലാ വ്യവസായ പാർക്കുകളിലും പ്രവാസി വ്യവസായ സംരംഭകർക്ക് വ്യവസായം ആരംഭിക്കുന്നതിന് മുൻഗണന നൽകുന്നുണ്ട്.

(ബി) ഉണ്ട്. കേരളത്തിലെ നിക്ഷേപ സൗഹൃദ അന്തരീക്ഷത്തെക്കുറിച്ചും സംസ്ഥാനത്ത് നടപ്പിലാക്കാൻ സാദ്ധ്യതയുള്ള വിവിധ മേഖലകളിലുള്ള പ്രോജക്ടുകളെക്കുറിച്ചും പ്രവാസി നിക്ഷേപകരിൽ അവബോധം ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്.

(സി) ടൂറിസം, ഐ.ടി., ഇൻഫ്രാസ്ട്രക്ചർ, സർവ്വീസ് സെക്ടർ തുടങ്ങി കേരളത്തിൽ നിക്ഷേപ സാദ്ധ്യതയുള്ള മേഖലകളിൽ ഉൾപ്പെട്ട പദ്ധതികളാണ് കേരള സെഷനിൽ അവതരിപ്പിച്ചത്.

(ഡി&ഇ) ഉണ്ട്.

ശ്രീ. പി. പി. അബ്ദുള്ളക്കുട്ടിക്കുവേണ്ടി (ശ്രീ. എം. ചന്ദ്രൻ): സർ, ഇൻഡ്യയിലെ ഏറ്റവും വലിയ പ്രവാസി സമൂഹം മലയാളികളാണ്. ഏതാണ്ട് 35 ലക്ഷത്തോളം മലയാളികളാണ് വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നത്. ഇവർ കഠിനാധ്വാനം ചെയ്ത് ഏതാണ്ട് 25000 കോടിയോളം രൂപ ഓരോവർഷവും കേരളത്തിലേക്ക് അയയ്ക്കുന്നുണ്ട്. എന്നാൽ ഈ പണം മുഴുവൻ പ്രത്യുൽപ്പാദനപരമല്ലാത്ത കാര്യങ്ങൾക്കാണ് ചെലവഴിക്കുന്നത്. ഇത് ഉൽപ്പാദനപരമായ മേഖലകളിലേക്ക് തിരിച്ചുവിട്ടാൽ കേരളത്തിന്റെ സാമ്പത്തിക ശേഷിയും ജനങ്ങളുടെ ജീവിതവും മെച്ചപ്പെട്ട നിലയിലാക്കാൻ കഴിയും. അതുകൊണ്ട് ഇവരുടെ നിക്ഷേപം സ്വീകരിച്ച് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ ഭൂമി കണ്ടെത്തുന്നതിനുവേണ്ടി ഗവൺമെന്റ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. എളമരം കരീം: സർ, വളരെ പ്രധാനപ്പെട്ട ഒരു ആശയമാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ അവതരിപ്പിച്ചത്. കേരളത്തിലെത്തുന്ന പ്രവാസികളുടെ ഫണ്ട് ഉൽപ്പാദനപരമായ മേഖലയിലേക്ക് തിരിച്ചുവിടുക എന്നത് ഒരു പ്രധാന സംഭവമാണ്. അത്തരം ആളുകളിൽ ആത്മവിശ്വാസം ഉണ്ടാക്കത്തക്ക നിലയിലുള്ള നിലപാടുകളും അവർക്ക് നിക്ഷേപം നടത്തുന്നതിന് പ്രത്യേകമായ ഇൻഡസ്ട്രിയൽ പാർക്കുകൾ ഉണ്ടാക്കുന്നതിനും സർക്കാർ ശ്രമിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. ചന്ദ്രൻ : സർ, ഗൾഫ് നാടുകളിൽ പണിയെടുക്കുന്ന മലയാളികളെ സംബന്ധിച്ച കണക്കുകൾ സൂചിപ്പിക്കുന്നത് അവരിൽ ഭൂരിപക്ഷവും 25-നും 40 വയസ്സിനും മദ്ധ്യേ പ്രായം ഉള്ളവരാണെന്നാണ്. നമ്മുടെ സംസ്ഥാനത്തെ അധ്വാനശേഷിയുള്ള തലമുറയിലെ ഭൂരിപക്ഷം പേരും ഇപ്പോൾ ഗൾഫ് നാടുകളിലാണ് പണിയെടുക്കുന്നത്. ഈ കുടിയേറ്റം കേരളത്തിന്റെ ഉൽപ്പാദന മേഖലയെ ബാധിക്കുന്നുണ്ടോ ; ഇവിടെ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് മനുഷ്യവിഭവശേഷി ലഭ്യമാക്കുന്നതിന് ഇത് തടസ്സം നിന്നിട്ടുണ്ടോ ; ഇതിനെ സംബന്ധിച്ച് വല്ല കണക്കെടുപ്പും നടത്തിയിട്ടുണ്ടോ ; പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ശ്രീ. എളമരം കരീം : സർ, ആ നിലയിൽ ഒരു പഠനം നടത്തിയിട്ടില്ല. കേരളത്തിൽ ഇപ്പോൾ ആരംഭിക്കുന്ന സംരംഭങ്ങളിൽ മനുഷ്യ വിഭവശേഷി കിട്ടാത്ത പ്രശ്നം ഉദിക്കുന്നില്ല. പക്ഷേ നമ്മുടെ നല്ല ഒരു ശേഷി വെളിയിൽ പോകുന്നുണ്ട്. സംസ്ഥാനത്തിന് നഷ്ടം ഉണ്ടാക്കുന്നുണ്ട് എന്നുള്ളത് വസ്തുതയാണ്.

ശ്രീ. മുരളി പെരുനെല്ലി : സർ, ഓരോ മലയാളിയും പ്രവാസിയായി മാറുമ്പോൾ കേന്ദ്ര സർക്കാർ പിടിച്ചുവച്ച 24000 കോടി രൂപ പ്രവാസി ക്ഷേമത്തിനായി വിനിയോഗിക്കാതെ ഉപയോഗിച്ചുകൊണ്ടിരിക്കുമ്പോൾ പ്രവാസികൾക്ക് ലോകത്ത് ആദ്യമായി ഒരു ക്ഷേമ പദ്ധതി നടപ്പാക്കിയത് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരാണ്. പ്രവാസികൾ ആരംഭിക്കുന്ന പുതിയ വ്യവസായ സംരംഭങ്ങൾക്ക് നൂലാമാലകൾ പരമാവധി ഇല്ലാതാക്കി കാലതാമസംകൂടാതെ പ്രവർത്തനം ആരംഭിക്കാൻ കഴിയത്തക്ക നിലയിലേക്ക് ഏകജാലകം ഈ മേഖലയിലേക്ക് നടപ്പാക്കുന്നതിനും കുറഞ്ഞ പലിശയ്ക്ക് വായ്പ കൊടുക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എളമരം കരീം : സർ, അവിടെനിന്ന് ജോലി നഷ്ടപ്പെട്ടുവരുന്ന പ്രവാസി സംരംഭകർക്ക് കെ.എസ്.ഐ.ഡി.സി.യും കെ.എഫ്.സി.യും നൽകുന്ന വായ്പകളിൽ പലിശ കുറച്ചുകൊടുക്കാനുള്ള തീരുമാനം എടുത്തുകഴിഞ്ഞിട്ടുണ്ട്. അത്തരം സംരംഭങ്ങൾക്ക് അതിവേഗത്തിൽ ക്ലിയറൻസ് നൽകുന്നതിനുള്ള തീരുമാനവും ഗവൺമെന്റ് എടുത്തിട്ടുണ്ട്.

ശ്രീ. പി. ടി. എ. റഹീമിനുവേണ്ടി (ശ്രീ. വി. ശശികുമാർ) : സർ, പ്രവാസികളുടെ വ്യവസായ സംരംഭങ്ങൾക്ക് ഫണ്ട് ജിം പോലുള്ള പദ്ധതികളൊക്കെ ഉണ്ടാക്കിയിട്ടുണ്ട്. എന്നാൽ പലിശ രഹിതമായ ധനസമാഹരണത്തിന് ലക്ഷ്യം വച്ചുകൊണ്ട് ബഡ്ജറ്റിൽ 'അൽബർക്ക' എന്നുപറയുന്ന ഒരു സ്ഥാപനത്തെക്കുറിച്ച് പറയുന്നുണ്ട്. അതിലൂടെ ധനസമാഹരണം നടത്തുന്നതിനുവേണ്ടി പ്രവാസികളുടെ ഫണ്ട് സ്വരൂപിച്ച് നിക്ഷേപം നടത്തുന്നതിനുവേണ്ടി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എളമരം കരീം: സർ, കെ.എസ്.ഐ.ഡി.സി മുൻകൈയെടുത്ത് പിലശരഹിത ധനകാര്യസ്ഥാപനം രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അൽബറാക് ഫൈനാൻസിയേഴ്സ് സർവ്വീസസ് ഇൻഡ്യാ ലിമിറ്റഡ് എന്നാണ് ആ കമ്പനിയുടെ പേര്. അതിൽ 11 ശതമാനം ഓഹരി കെ.എസ്.ഐ.ഡി.സി. യുടേതാണ്. ആയിരം കോടിരൂപ മൂലധനമുള്ള ഒരു കമ്പനി രൂപീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പ്രവാസികൾ നല്ലനിലയിൽ ഈ സ്ഥാപനത്തോട് പ്രതികരിക്കുന്നു.

ശ്രീ. എ. എം. യൂസഫ്: സർ, കേരളത്തിന്റെ വളർച്ചയിൽ പ്രവാസികളുടെ പങ്ക് വലുതാണ്. നിരവധി വികസന പ്രവർത്തനങ്ങൾ നടക്കുന്ന സന്ദർഭത്തിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം അവർക്ക് എല്ലാ മേഖലയിലും ഇടപെടാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൊച്ചിയിൽ സംഘടിപ്പിച്ച നിക്ഷേപ സംഗമത്തിൽ അവതരിപ്പിച്ച പ്രോജക്ട് യാഥാർത്ഥ്യമാക്കുവാനും സൈബർസിറ്റിയുടെ കാര്യം എത്രമാത്രം പ്രാവർത്തികമാക്കാനും കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ശ്രീ. എളമരം കരീം: സർ, കൊച്ചിയിൽ വ്യവസായ വകുപ്പ് സംഘടിപ്പിച്ച നിക്ഷേപക സൗഹൃദത്തിൽ നിരവധി പ്രൊപ്പോസലുകൾ വരുകയുണ്ടായി. അതിൽ ഓരോന്നോരാന്നായി പ്രോജക്ടുകൾ സമർപ്പിച്ച് യാഥാർത്ഥ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ശ്രീ. ജി. കാർത്തികേയൻ: സർ, പ്രവാസികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുമ്പോൾ അവരിൽനിന്നുള്ള ഹണ്ട് സമാഹരണം മാത്രമല്ല ചർച്ച ചെയ്യേണ്ടത്. ലക്ഷക്കണക്കിന് സാധാരണ ആൾക്കാരുണ്ട്. അവർ നേരിടുന്ന പ്രശ്നങ്ങൾ നേരിട്ട് കണ്ടുപഠിക്കുന്നതിനും മനസ്സിലാക്കുന്നതിനും ബന്ധപ്പെട്ട ആളുകളോട് സംസാരിക്കുന്നതിനുമായി കഴിഞ്ഞ 5 വർഷത്തിനിടയിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഏതെങ്കിലും പ്രതിനിധി ഗൾഫ് നാടുകളിൽ സഞ്ചരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കണ്ടെത്തിയത് എന്തൊക്കെയാണ്?

ശ്രീ. എളമരം കരീം: സർ, പ്രവാസികളെക്കുറിച്ചുള്ളതല്ല ചോദ്യം. പ്രവാസികളുടെ വ്യവസായ സംരംഭത്തെക്കുറിച്ചുള്ളതാണ് ചോദ്യം. പ്രവാസി വകുപ്പ് കൈകാര്യം ചെയ്യുന്നവർക്കേ അതിന്റെ വിശദാംശം പറയാൻ പറ്റുകയുള്ളൂ. എന്നാൽ പ്രവാസികളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും അവരുമായി ചർച്ച ചെയ്യുന്നതിനും ഒന്നിലേറെ തവണ വ്യവസായ വകുപ്പു മന്ത്രി എന്ന നിലയിൽ ഗൾഫ് രാജ്യങ്ങളിൽ സന്ദർശനം നടത്തിയിട്ടുണ്ട്. നമുക്ക് മനസ്സിലാക്കാൻ കഴിഞ്ഞ വിഷയങ്ങൾ, പ്രവാസികളുമായി ബന്ധപ്പെട്ട പ്രയാസങ്ങൾ ഭരണാധികാരികളെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, പ്രവാസികളെക്കുറിച്ച് സംസാരിക്കുമ്പോൾ പ്രവാസികളിലെ അതിസമ്പന്നരായ ഏതാനും ആളുകളെക്കുറിച്ചാണ് ഇപ്പോൾ സംസാരിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് ഡൽഹിയിൽ സംഘടിപ്പിച്ച 'പ്രവാസി ഭാരതീയ ദിവസ്' യഥാർത്ഥത്തിൽ ഗൾഫ് മലയാളികളുടെ സാധാരണക്കാരായിട്ടുള്ള ആളുകളുടെ ഒരു പ്രതിനിധിയെപ്പോലും വിളിച്ചില്ല.

വ്യവസായ നിക്ഷേപത്തെക്കുറിച്ച് സംസാരിക്കുമ്പോൾ അതിസമ്പന്നരായിട്ടുള്ള പ്രവാസികളുടെ പ്രശ്നമല്ല, യഥാർത്ഥത്തിൽ ജീവിതത്തിൽ ആകെ ഒരു ലക്ഷം രൂപയോ രണ്ടു ലക്ഷം രൂപയോ ഒക്കെ സമ്പാദ്യമുണ്ടാക്കുന്ന സാധാരണക്കാരായിട്ടുള്ള പ്രവാസികളുടെ നിക്ഷേപം സമാഹരിച്ചുകൊണ്ട് പൊതുമേഖലാ സംരംഭങ്ങൾ എന്ന നിലയിൽ സംസ്ഥാന ഗവൺമെന്റിന്റെ നേതൃത്വത്തിലുള്ള ഒരു വ്യവസായ പദ്ധതി ആരംഭിക്കാൻ സർക്കാരിന് കഴിയുമോ ?

ശ്രീ. എളമരം കരീം : സർ, പ്രധാനമായും സംരംഭങ്ങളെക്കുറിച്ച് ചർച്ച ചെയ്തത്, ജോലി നഷ്ടപ്പെട്ട് തിരിച്ചെത്തുന്നവരുടെ പുനരധിവാസം എന്ന നിലയിൽ ചെറുകിട വ്യവസായ സംരംഭങ്ങൾ ആംരഭിക്കുന്നതിന് ഗവൺമെന്റ് നൽകുന്ന സഹായങ്ങളെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. കെ.എഫ്.സി.യും കെ.എസ്.ഐ.ഡി.സി.യും സാധാരണ നിരക്കിൽനിന്നും കുറഞ്ഞ നിരക്കിൽ അവർക്ക് വായ്പകൾ ലഭ്യമാക്കാനും അത്തരക്കാരുടെ പ്രോജക്ടുകൾക്ക് അതിവേഗം ക്ലിയറൻസ് നൽകുന്നതിനും ഇപ്പോൾ സംവിധാനമൊരുക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ സാധാരണക്കാരായ ആളുകളുടെ നിക്ഷേപങ്ങൾ ഒരുമിച്ച് സ്വരൂപിച്ച് ഒരു പൊതുസ്ഥാപനം പോലെ ആരംഭിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

ശ്രീ. കെ. പി മോഹനൻ : സർ, പ്രവാസികളുടെ പുനരധിവാസത്തിനുള്ള ഒരുപാട് പദ്ധതികളെക്കുറിച്ച് അങ്ങ് പറഞ്ഞു. അടുത്ത കാലത്തുണ്ടായിട്ടുള്ള ഒരു സംരംഭമാണ് കണ്ണൂർ വിമാനത്താവളം. അവിടെ എത്ര ഇൻവെസ്റ്റ് ചെയ്യണം ; എത്ര ഓഹരി എടുക്കണം എന്നുള്ളതിനെക്കുറിച്ച് ഇപ്പോഴും ഒരു വ്യക്തതയില്ല. അപ്പോൾ ഓഹരി എത്രയെടുക്കണമെന്നും പ്രവാസികൾക്ക് കൂടുതൽ സൗകര്യങ്ങൾ ഒരുക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ ?

ശ്രീ. എളമരം കരീം : സർ, അതിനെക്കുറിച്ച് വ്യക്തമായ ധാരണ, ഡയറക്ടർ ബോർഡിന്റെ തീരുമാനം പത്രത്തിലൂടെ അറിയിട്ടുണ്ട്. 49 ശതമാനം ഷെയർ വ്യക്തികൾക്കായി നീക്കിവച്ചിരിക്കുകയാണ്. അതിൽ ഒരാൾ അപേക്ഷ നൽകുമ്പോൾ ചുരുങ്ങിയ ഷെയർ 2,00,100 രൂപയാണ്. അതിന്റെ 25 ശതമാനം അടച്ച് അപേക്ഷിക്കാവുന്നതായിരുന്നു. അതിന്റെ സമയപരിധി കഴിഞ്ഞു എന്നാണ് തോന്നുന്നത്. കൃത്യമായിട്ടുള്ള ഡേറ്റ് എനിക്ക് ഓർമ്മയില്ല. മാത്രമല്ല ആവശ്യത്തിനുള്ള അപേക്ഷകൾ വന്നുകഴിഞ്ഞിട്ടുണ്ട്. അൽബറാക് ഫൈനാൻസിയേഴ്സ് സർവ്വീസസ് ഇൻഡ്യാ ലിമിറ്റഡ് 10 ശതമാനം ഷെയറിനാണ് അപേക്ഷ നൽകിയിട്ടുള്ളത്. അതിൽ സാധാരണക്കാരായ, അല്ലെങ്കിൽ മിച്ച സമ്പാദ്യമുള്ളവർക്ക്, ചെറുകിടക്കാർക്ക് നിക്ഷേപം നടത്തുന്നതിന് ഒരു തടസ്സവും ഉണ്ടായിട്ടില്ല.

ശ്രീ. അൽഫോൺസ് കണ്ണന്താനം : സർ, രണ്ടാഴ്ചയ്ക്ക് മുമ്പ് ഞാൻ കേന്ദ്രത്തിൽപ്പോയി റെയിൽവേ ബോർഡുമായി ശബരി റെയിലിന്റെ കാര്യം ഡിസ്കസ് ചെയ്തിരുന്നു. ഓരോ വർഷവും ബഡ്ജറ്റിൽ വയ്ക്കുന്ന തുക നക്കാപ്പിച്ചയാണെന്ന് വേണമെങ്കിൽ പറയാം. നമ്മൾ പ്രവാസികളുടെ പൈസ

LIBRARY ARCHIVES Kerala Legislative Assembly

സ്വരൂപിച്ചിട്ട് എന്തുകൊണ്ട് ശബരി റയിൽവെ നമ്മുടേതു മാത്രമാക്കി, കേന്ദ്രത്തിന്റെ പൈസയേ വേണ്ട, ഈ അവഗണനയൊക്കെ മാറ്റിവച്ചിട്ട് നമ്മുടെ പൈസ മാത്രം വച്ച് പ്രവാസികളുടേതായിട്ട് ശബരി റയിൽവേ ഉണ്ടാക്കിക്കൂടെ ?

ശ്രീ. എളമരം കരീം : സർ, ധനകാര്യ വകുപ്പുമന്ത്രി ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് നടത്തിയ പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചത് 40000 കോടി രൂപ റോഡ് വികസനത്തിന് ഫണ്ട് കണ്ടെത്താൻ അൽബറാക് ഫൈനാൻസിയേഴ്സ് സർവ്വീസസ് ഇൻഡ്യാ ലിമിറ്റഡിനെ ഉപയോഗപ്പെടുത്തുമെന്നാണ്. അത്തരത്തിലുള്ള ധനകാര്യ സഥാപനങ്ങൾ മുഖേന സംഭരിക്കുന്ന തുക ഏതു പ്രോജക്ടിനും ഉപയോഗിക്കാൻ കഴിയത്തക്ക നിലയിൽ ലഭ്യമാകുമെന്ന് ആത്മവിശ്വാസമുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം, അതിന്റെ ബിസിനസ് മോഡൽ സംബന്ധിച്ച് നമുക്ക് ചർച്ച ചെയ്യാവുന്നതാണ്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, ജോലി നഷ്ടപ്പെട്ട് നാട്ടിലേക്ക് തിരിച്ചുവരുന്ന പ്രവാസികൾക്ക് ചെറുകിട വ്യവസായ സംരംഭങ്ങൾ തുടങ്ങാനാവശ്യമായ ലോൺ പലിശകുറച്ചു നൽകുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ആഗോളവൽക്കരണത്തിന്റെ ഫലമായി മൾട്ടി നാഷണൽ കോർപ്പറേഷൻ കമ്പനികളൊക്കെ നാട്ടിൽ വന്നിരിക്കുന്നത് ചെറുകിട വ്യവസായരംഗം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിയാണ്. അവരൊക്കെ വളരെ സോഫിസ്റ്റിക്കേറ്റഡായിട്ടാണ് ഉത്പന്നങ്ങൾ ഇറക്കുന്നത്. അവരുമായി മത്സരിച്ചുവേണം ഇവിടത്തെ ചെറുകിട വ്യവസായങ്ങൾ നിലനിൽക്കേണ്ടത്. അങ്ങനെ നിലനിൽക്കണമെങ്കിൽ നമുക്കും അവരേക്കാൾ മെച്ചപ്പെട്ട ഉത്പന്നങ്ങൾ ഇറക്കേണ്ടതുണ്ട്. അതിനാവശ്യമായ ലേറ്റസ്റ്റ് ടെക്നോളജിയിൽ പരിശീലനം നൽകുന്ന പരിപാടികൂടി വേണം. ഇതിനായി ഒരു പാക്കേജ് തയ്യാറാക്കുമ്പോൾ തൊഴിൽ നഷ്ടപ്പെട്ടുവരുന്ന പ്രവാസികൾക്ക് എല്ലാ വിധത്തിലുള്ള സഹായങ്ങളും നൽകി അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള എന്തെങ്കിലും പ്രത്യേക പാക്കേജ് നടപ്പാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ ?

ശ്രീ. എളമരം കരീം : സർ, ചെറുകിട സംരംഭകർക്ക് പ്രോജക്ടുകളെ സംബന്ധിച്ച വിവരങ്ങൾ നൽകുന്നതിന് ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ആവശ്യമായ സംവിധാനം നിലവിലുണ്ട്. രണ്ട്, സംരംഭകർക്ക് പരിശീലനം നൽകാനുള്ള സംവിധാനമുണ്ട്. മൂന്ന്, ചെറുകിട വ്യവസായങ്ങളെ ക്ലസ്റ്ററുകളാക്കി ഡെവലപ് ചെയ്യുന്നതിന് ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ ഒരു പ്രോജക്ട് സംസ്ഥാന ഗവൺമെന്റുകൂടി ചേർന്നു നടപ്പാക്കുന്നുണ്ട്. നാല്, നമ്മുടെ ഉത്പന്നങ്ങൾ സംസ്ഥാനത്തിനകത്തും പുറത്തും വിപണനം ചെയ്യുന്നതിന് പ്രത്യേക സഹായം ഗവൺമെന്റ് ചെയ്യുന്നുണ്ട്. നിലവിൽ വ്യാപാര മേളകൾ തന്നെ ഗവൺമെന്റ് സംഘടിപ്പിക്കുന്നുണ്ട്. നമ്മുടെ ചെറുകിട വ്യവസായങ്ങൾ ഇന്ന് നല്ല നിലയിൽ അവരുടെ ഉത്പന്നങ്ങൾ മൾട്ടി നാഷണൽ പ്രോഡക്ടുകളോട് മത്സരിച്ചുതന്നെ വിപണനം നടത്തുന്നുണ്ട്. അതുകൊണ്ട് അത്തരത്തിൽ ആശങ്ക ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, കേരളത്തിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം മൂന്നു ജില്ലകളിൽ നിക്ഷേപക സംഗമങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. ഈ നിക്ഷേപസംഗമങ്ങളിൽ യു.എ.ഇ. ആസ്ഥാനമായിട്ടുള്ള വിദേശീയ മലയാളികളുൾപ്പെടെ വ്യവസായ സംയുക്ത സംരംഭങ്ങൾക്ക് തുടക്കം കുറിക്കാം എന്നുള്ള വാഗ്ദാനം നൽകുകയുണ്ടായി. ഈ കാലയളവിൽ ഈ വാഗ്ദാനങ്ങൾ നടപ്പിലാക്കപ്പെട്ടിട്ടുണ്ടോ; നിക്ഷേപക സംഗമങ്ങൾ കേരളത്തിലെ വ്യവസായ വികസനത്തിൽ കഴിഞ്ഞ അഞ്ചുവർഷം എന്തു പങ്കാണ് വഹിച്ചിട്ടുള്ളത്?

ശ്രീ. എളമരം കരീം: സർ, നിക്ഷേപക സംഗമ സമ്മേളനങ്ങളിൽ നിരവധി നിർദ്ദേശങ്ങൾ വരുന്നുണ്ട്. അതിൽ പ്രായോഗികമായി വരുന്ന നിർദ്ദേശങ്ങൾ യാഥാർത്ഥ്യമാക്കാനുള്ള നടപടികൾ ഗവണ്മെന്റ് സ്വീകരിക്കുന്നുണ്ട്. ഉദാഹരണമായി കണ്ണൂരിൽ ഉണ്ടായ നിർദ്ദേശങ്ങൾ പരിഗണിച്ചാണ് കെ.എസ്.ഐ.ഡി.സി.യുടെ ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററിൽ ചെറുകിട വ്യവസായങ്ങൾക്കായി പ്രത്യേകം ഒരു ഇൻഡസ്ട്രിയൽ പാർക്ക് ഗവൺമെന്റ് രൂപീകരിക്കുകയും അതിൽ എല്ലാ അപേക്ഷകളുംകിട്ടി നിക്ഷേപകർ അവരുടെ സംരംഭങ്ങൾ ആരംഭിച്ചുവരികയും ചെയ്യുന്നത്. അത് യാഥാർത്ഥ്യമാകുന്നുണ്ട്.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, തൊഴിൽ നഷ്ടപ്പെട്ടും അതുപോലെ ബിസിനസ് നഷ്ടപ്പെട്ടും പുറം നാടുകളിൽനിന്ന് നമ്മുടെ കേരളത്തിലേക്ക് വരുന്ന വിദേശികൾ, അത് ഗൾഫ് നാടുകളിൽ കൂടുതലായിട്ടുണ്ട്, അവരുടെ കാര്യം കൃത്യമായി പരിഗണിക്കേണ്ടതാണ്. മറ്റ് രാജ്യങ്ങളിൽനിന്നുള്ള ആളുകളും ഇതുപോലെതന്നെ ബുദ്ധിമുട്ട് അനുഭവിച്ച് നമ്മുടെ രാജ്യത്തേക്ക് തിരിച്ചുവന്ന് ബിസിനസ് ആരംഭിക്കുന്നുണ്ട്. അവിടെയും ആ കാര്യത്തിൽ പരിഗണന കൊടുക്കുകയും ഇവിടെ വ്യവസായശാലകൾ ആരംഭിക്കുന്നതിന് കെ.എസ്.ഐ.ഡി.സി.യും കെ.എഫ്.സി.-യുമൊക്കെ സാമ്പത്തികമായ സഹായം ചെയ്തുകൊടുക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നതോടൊപ്പം സ്ഥലമെടുപ്പ് തുടങ്ങിയ കാര്യങ്ങളൊക്കെ ചെയ്യേണ്ടതായിട്ടുണ്ട്. അതൊക്കെ നടപ്പിലാക്കുന്നതിനായി ഗ്രീൻ ചാനൽ പദ്ധതി നടപ്പിലാക്കുമോ ?

ശ്രീ. എളമരം കരീം: സർ, പ്രവാസി എന്നു പറയുമ്പോൾ ഏതെങ്കിലും പ്രത്യേക രാജ്യങ്ങൾ മാത്രമല്ല, എവിടെപ്പോയി ജോലി ചെയ്തു ജീവിച്ചുവരുന്നവരും, ഇപ്പോൾ കേരളത്തിനു പുറത്തുള്ള, ഇൻഡ്യൻ സംസ്ഥാനങ്ങളിൽ ജോലിചെയ്യുന്നവരുൾപ്പെടെ, കേരളത്തിൽ എത്തുന്നവരെ പരിഗണിക്കാറുള്ളതാണ് പ്രവാസി എന്നുള്ള പദം കൊണ്ട് ഉദ്ദേശിക്കുന്നത്. ഗ്രീൻചാനൽ സംവിധാനം ഇപ്പോൾ നിലവിലുണ്ട്. അത് കൂടുതൽ കാര്യക്ഷമമാക്കാനുള്ള നടപടി സ്വീകരിക്കാം.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഗൾഫ് മലയാളികളായ ആളുകൾ, അവിടെ ജോലി ചെയ്യുന്നവർക്കും അതുപോലെതന്നെ ഇവിടെ ശ്രീ. അബ്ദുൾ ഖാദർ ചൂണ്ടിക്കാണിച്ചതുപോലെ തിരിച്ചുവന്ന പാവപ്പെട്ട

ആളുകൾക്കും സംയുക്തമായി സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള എന്തെങ്കിലും സംവിധാനത്തെക്കുറിച്ച് ആലോചിക്കുമോ; കാരണം ഗൾഫിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന ആളുകൾക്കും ബിസിനസ് നടത്തിക്കൊണ്ടിരിക്കുന്ന ആളുകൾക്കും നമ്മുടെ നാട്ടിൽ നിക്ഷേപം നടത്താനും ഇവിടെ തിരിച്ചുവന്ന ആളുകളെ അതിൽ ഉൾപ്പെടുത്താൻ ആഗ്രഹമുള്ള പല പഞ്ചായത്തുകളുടെയും സമിതികൾ ഇന്ന് വിദേശത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്. അവർക്കെല്ലാം ഇൻവെസ്റ്റ് ചെയ്യാൻ കഴിയുന്ന വിധത്തിൽ സഹകരണ മേഖലയിലോ അല്ലെങ്കിൽ മറ്റേതെങ്കിലും രീതിയിലോ ഒരു സംവിധാനം ഉണ്ടാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. എളമരം കരീം: സർ, അത്തരത്തിലുള്ള വ്യക്തമായ നിർദ്ദേശങ്ങൾ വന്നാൽ സർക്കാർതന്നെ പങ്കാളിത്തം നൽകുന്നതിനോ അവരുടെ സഹകരണാടിസ്ഥാനത്തിൽ സംവിധാനം ഉണ്ടാക്കുന്നതിനോ മുൻകൈയെടുക്കുന്നതിനൊക്കെ ഗവൺമെന്റ് സന്നദ്ധമാണ്.

ശ്രീ. കെ. കെ. ഷാജു: സർ, പ്രവാസികൾക്കായി ഒരുപാട് പദ്ധതികളും പ്രവർത്തനങ്ങളും നടത്തുമെന്ന് വ്യാപകമായ പ്രചാരവേലയുണ്ട്. ബഹറിനിൽ ജോലി ചെയ്തിരുന്ന നൂറിലേറെ പ്രവാസികൾ ചേർന്ന് നൂറനാട് വച്ച് ഒരു ട്രസ്റ്റ് ഉണ്ടാക്കി. അവരുടെ പ്രോജക്ട് തുടങ്ങാനാവശ്യമായ സഹായം ചോദിക്കുമ്പോൾ റവന്യൂ വകുപ്പിലുള്ളവർ പറയുന്നത് റവന്യൂ സഹായം വേറെ ആവശ്യത്തിന് കൊടുക്കുകയില്ലെന്നും ആരോഗ്യ വകുപ്പ് പറയുന്നത് ആരോഗ്യ വകുപ്പിന്റെ സഹായം വേറെ ആർക്കും കൊടുക്കുകയില്ലെന്നുമാണ്. ഇങ്ങനെ ഓരോ ഗവൺമെന്റ് ഡിപ്പാർട്ടുമെന്റും വെറുതെ കിടക്കുന്ന സഹായം, ഇവരുടെ ഏതെങ്കിലും പുതിയ സംരംഭങ്ങൾക്കാവശ്യമായ സഹായം ചോദിക്കുമ്പോൾ വിട്ടുകൊടുക്കാൻ തയ്യാറാകുന്നില്ല. പിന്നെ എങ്ങനെയാണ് ഇവർ അവരുടേതായ ഒരു പദ്ധതി മുന്നോട്ടുകൊണ്ടുപോകുന്നത്; തടസ്സം നിൽക്കുന്ന കാര്യങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനാവശ്യമായ അടിയന്തര ഇടപെടലുണ്ടാകുമോ ?

ശ്രീ. എളമരം കരീം: സർ, സർക്കാർ ഡിപ്പാർട്ടുമെന്റിന്റെ ഭൂമി അങ്ങനെ കൊടുക്കുന്നതിന് ഒരുപാട് പ്രയാസങ്ങളുണ്ട്. എന്നാൽ വ്യവസായ വളർച്ചയ്ക്കായി ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററുകളും വ്യവസായ എസ്റ്റേറ്റുകളും പ്രത്യേകമായി വികസിപ്പിച്ചെടുക്കുന്നിടത്ത് അത്തരം സംരംഭകരുടെ അപേക്ഷ വന്നാൽ ഒരു തടസ്സവും കൂടാതെ നമുക്ക് കൊടുക്കാൻ സാധിക്കും. ശ്രീ. കെ. കെ. ഷാജു പറയുന്നിടത്ത് പ്രത്യേകം ഇൻഡസ്ട്രിയൽ പാർക്കിനുവേണ്ടി സ്ഥലം കണ്ടെത്താൻ ശ്രമിക്കാം.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, പ്രവാസികൾക്കായാലും തദ്ദേശീയർക്കായാലും വ്യവസായം നടത്തണമെങ്കിൽ ആവശ്യമായ സ്ഥലം വേണം. എന്റെ മണ്ഡലത്തിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുവേണ്ടി കിൻഫ്ര ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ നടപടികളും പൂർത്തിയാക്കിയിരിക്കുകയാണ്. ആ ഭൂമി ഏറ്റെടുക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എളമരം കരീം : സർ, ഉടനെതന്നെ അതിന് നടപടി സ്വീകരിക്കുന്നതാണ്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഉടൻതന്നെ നടപടി സ്വീകരിക്കുന്നതാണെന്നുപറഞ്ഞു.

ശ്രീ. കെ. സി. ജോസഫ് : സർ, നിക്ഷേപ സംഗമങ്ങൾ എത്ര നടത്തിയാലും നിക്ഷേപമുണ്ടാകണമെങ്കിൽ ആത്മവിശ്വാസം വേണം. ശ്രീ. വി. എസ്. സുനിൽ കുമാർ ചോദിച്ചതുപോലെ മറുനാടൻ മലയാളികൾക്ക് ഇവിടെ വ്യവസായം ആരംഭിക്കാനുള്ള അവകാശമുണ്ട്. കെ.എസ്.ഐ.ഡി.സി. മുൻകൈയെടുത്ത് സംയുക്ത സംഘടനകൾ ഉണ്ടാക്കിയാൽ നിക്ഷേപിക്കാനുള്ള ആത്മവിശ്വാസമുണ്ടാകും. നമ്മൾ ഇന്നും അവരെ കറവപ്പശുവായി കാണുകയാണ്. ഇന്ന് പത്രങ്ങളിലുണ്ട്, ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ ഓഫീസിൽനിന്ന്, ഐ.എ.എസ്. ഉദ്യോഗസ്ഥനെതിരെ നടപടി, നോർക്കയിൽ പിൻവാതിൽ നിയമനം..... നോർക്ക വിദേശ മലയാളികളെ സഹായിക്കുന്നതിനുവേണ്ടിയാണ്. അവിടെയും പിൻവാതിൽ നിയമനം നടക്കാൻ പോകുകയാണ്. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചു കെ.എഫ്.സി. മുഖേന ആനുകൂല്യം, ഒരു പൈസ കൊടുത്തിട്ടില്ല. പ്രഖ്യാപനമല്ലാതെ വിദേശ മലയാളികൾക്ക് ആത്മവിശ്വാസ മുണ്ടാക്കി കെ.എസ്.ഐ.ഡി.സി മുൻകൈയെടുത്ത് ജോയിന്റ് വെൻച്വർ ആരംഭിക്കാൻ നടപടി സ്വീകരിക്കാമോ ?

ശ്രീ. എളമരം കരീം : സർ, കെ.എസ്.ഐ.ഡി.സി. മുൻകൈയെടുക്കുമ്പോൾ തന്നെ ബഹുമാനപ്പെട്ട ശ്രീ. കെ. സി. ജോസഫിനെപ്പോലുള്ള മെമ്പർമാർ ആത്മവിശ്വാസം ജനിപ്പിക്കുന്ന തരത്തിൽ സംസാരിക്കുകകൂടി ചെയ്താൽ കുറച്ചുകൂടി നന്നാകുമെന്നാണ് എനിക്ക് തോന്നുന്നത്. കാരണം പ്രവാസികൾക്ക് യാതൊരുവിധ ആശങ്കയുമില്ല. അവർ തരുന്ന എല്ലാ പ്രോജക്ടുകളും വളരെ നല്ല നിലയിൽ കൈകാര്യം ചെയ്യുന്നുണ്ട്. ലോകം മുഴുവൻ കാണുന്ന ഇത്തരം ചോദ്യോത്തര വേളയിലെങ്കിലും നല്ല വാക്കുകൾ പറഞ്ഞ് പ്രോത്സാഹിപ്പിക്കാൻ ശ്രമിക്കുക.

ശ്രീ. പി. വിശ്വൻ : സർ, കഴിഞ്ഞ ജനുവരിയിൽ ഞാൻ ഗൾഫിൽ പോയിരുന്നു. അവിടെ പ്രശ്നമെന്താണെന്നു പറഞ്ഞാൽ ഗൗരവമായിട്ടുള്ള ഒന്നാണ്. അവിടെ മലപ്പുറംകാരും കൊയിലാണ്ടിക്കാരും ധാരാളമുണ്ട്. തൊഴിൽ നഷ്ടം, ശമ്പളം വെട്ടിക്കുറയ്ക്കൽ, കുറഞ്ഞ ശമ്പളമുള്ള ജോലിയിലേക്ക് ചേക്കേറൽ, നാട്ടിലേക്ക് തിരിച്ചുവരവൊക്കെ വ്യാപകമായിരിക്കുകയാണ്. അവർ ആവശ്യപ്പെടുന്നത്, നാളികേരാധിഷ്ഠിത തൊഴിൽ അവസരങ്ങളുണ്ടാക്കുക, അതുപോലെതന്നെ കടലോര മേഖലയായതുകൊണ്ട് നട്സ് ഫാക്ടറി അടക്കമുള്ള പാക്കേജുകൾ സ്ഥാപിക്കാൻ സർക്കാർ മൂലധനമിറക്കുമ്പോൾ അവരും മൂലധനം തരാമെന്ന് പറയുന്നുണ്ട്. അത്തരം പരിപാടികൾക്ക് സർക്കാർ മുൻകൈയെടുക്കുമോ?

ശ്രീ. എളമരം കരീം : സർ, നാളികേരാധിഷ്ഠിത വ്യവസായത്തിന് മുൻഗണന നൽകുന്നതിന് കോഴിക്കോട് ജില്ലയിൽ കുറ്റ്യാടി ആസ്ഥാനമായി

ഒരു പ്രത്യേക വ്യവസായ പാർക്ക് വികസിപ്പിക്കാൻ തീരുമാനിച്ചു. അവിടെ ഒരു കമ്പനി രൂപീകരിച്ച് ഏതാണ്ട് മൂലധനനിക്ഷേപം സമാഹരിക്കുന്ന ഘട്ടത്തിലെത്തിയിട്ടുണ്ട്, ബഹുമാനപ്പെട്ട മെമ്പറിനെ സമീപിച്ച എല്ലാപേരോടും അവിടെ നിക്ഷേപം നടത്താൻ ഉപദേശിക്കാവുന്നതാണ്.

ശ്രീ. വർക്കല കഹാർ : സർ, വിദേശ രാജ്യങ്ങളിൽനിന്ന് തിരിച്ചുവന്ന് നാട്ടിൽനിൽക്കുന്ന കാളിഫൈഡും പ്രവൃത്തി പരിചയമുള്ളവരുമായ നൂറുകണക്കിന് ആളുകൾ നമ്മുടെ നാട്ടിലുണ്ട്. നമ്മുടെ വ്യവസായ വകുപ്പിൽ ചെന്ന് പുതിയ എന്തെങ്കിലും സംരംഭം തുടങ്ങാൻ അവരുമായി ബന്ധപ്പെടുകയാണെങ്കിൽ കിട്ടുന്ന മറുപടി പലപ്പോഴും നിരാശാജനകമാണ്. നിങ്ങളുടെ കൈയിൽ കാശുണ്ടെങ്കിൽ തുടങ്ങാതിരിക്കുകയാണ് നല്ലത്, നാട്ടിൽ തൊന്തരവാണ്..., ഈ രീതിയിലാണ് അവരോടുള്ള സമീപനം, എങ്ങനെയാണ് അവർക്ക് ആത്മവിശ്വാസം നൽകുക, അതൊരു പ്രധാനപ്പെട്ട കാര്യമാണ്. അതോടൊപ്പം ഞാൻ മറ്റൊരു കാര്യം ചോദിക്കുകയാണ്. റിഴിഞ്ഞം റെയിൽവേയും അതുപോലെതന്നെ ടീകോമും ഒക്കെയുണ്ട്. സമാന സ്വഭാവമുള്ള പരിചയ സമ്പന്നരും കാളിഫൈഡുമായ ആളുകൾക്ക് ഇവിടെ പണി തുടങ്ങുന്ന സമയത്ത് മുൻഗണന നൽകാൻ എന്തെങ്കിലും കാര്യങ്ങൾ ആലോചിക്കാൻ പറ്റുമോ ?

ശ്രീ. എളമരം കരീം : സർ, സംരംഭത്തിന്റെ നിർദ്ദേശവുമായി വരുമ്പോൾ അവരെ മനംമടുപ്പിക്കുന്ന നിലയിൽ ഉദ്യോഗസ്ഥന്മാർ സംസാരിച്ചുവെന്നത് ഗൗരവമായ പ്രശ്നമാണ്. അങ്ങനെ പ്രത്യേകമായി കേസ് ബഹുമാനപ്പെട്ട മെമ്പർ എന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ അവരുടെ പേരിൽ ഉചിതമായ നടപടി സ്വീകരിക്കും. അങ്ങനെ ഒരിക്കലും ഒരാളും സംസാരിക്കാൻ പാടില്ല. അങ്ങനെ ഒരു നിലപാട് നമ്മുടെ ഗവൺമെന്റിന് ഒരു കാലത്തും ഉണ്ടായിട്ടില്ല. ഈ പറഞ്ഞ കാര്യം പരിശോധിക്കാവുന്നതാണ്.

ശ്രീമതി ജെ. അരുന്ധതി : സർ, യുവജനങ്ങളുടെ ഒരു തൊഴിൽ പദ്ധതിയാണ് കേന്ദ്ര ഗവൺമെന്റിന്റെ പി.എം.ആർ.വൈ. അതൊരു പുതിയ മാറ്റത്തോടുകൂടി നടപ്പിലാക്കാൻ വേണ്ടിയാണ് കേന്ദ്ര ഗവൺമെന്റ് നടപടി സ്വീകരിച്ചിരിക്കുന്നത്. അത് വേണ്ടത്ര കേരളത്തിൽ ഇപ്പോൾ നടപ്പിലാകുന്നില്ല. അതിനെ സംബന്ധിച്ചുള്ള അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. എളമരം കരീം : സർ, പി.എം.ജി.പി.യാണ് പുതിയ സ്കീം. പ്രൈംമിനിസ്റ്റേഴ്സ് എംപ്ലോയ്മെന്റ് ജനറേഷൻ പ്രോഗ്രാം, കേരളത്തിന് അലോട്ട് ചെയ്ത തുക പൂർണ്ണമായി ചെലവഴിച്ചു. ഈ കൊല്ലം 10 കോടി രൂപകൂടി അഡീഷണലായി ആവശ്യപ്പെട്ടിരിക്കുകയാണ്. അതിന് നല്ല അപേക്ഷകർ വരുന്നുണ്ട്.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : സർ, നിക്ഷേപത്തിന്റെ സീസൺ ആരംഭിച്ചപ്പോൾ പ്രവാസികൾ ഉൾപ്പെടെ ആട്, തേക്ക്, മാഞ്ചിയം, ടോട്ടൽ ഫോർ യു. ഇങ്ങനെ തെറ്റായ ഒരു പ്രവണത നമ്മൾ കണ്ടിരുന്നു. അതിൽനിന്ന് ഒരുപാട് മാറ്റം വന്നു. അങ്ങ് ഒരുപാട് ഇൻഡസ്ട്രിയൽ

LIBRARY ARCHIVES Kerala Legislative Assembly

പാർക്കുണ്ടാക്കി. അതിന്റെ ചെറിയ ഒരു പോരായ്മ കാണുന്നത് ഒരുപാട് സ്ഥലം നമുക്കുണ്ട്. കണ്ണൂരിലെ കിൻഫ്രയിൽ ഇൻവെസ്റ്റേഴ്സ് വന്നിട്ട് പറയുന്നത് അവിടത്തെ സ്കയർ ഫീറ്റ് റെന്റ് വളരെ കൂടുതലാണ്, അത് താങ്ങാൻ പറ്റുന്നതല്ല എന്നാണ്. വ്യവസായ വകുപ്പിനോട് ചോദിച്ചപ്പോൾ റവന്യൂ വകുപ്പാണ് അത് നിശ്ചയിക്കുന്നതെന്ന് പറയുന്നു. ഇത് പ്രായോഗികമല്ല. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എളമരം കരീം : സർ, തളിപ്പറമ്പ് നാടുവാഴി ഇൻഡസ്ട്രിയൽ ടെക്സ്റ്റയിലിൽ ഇങ്ങനെ ഒരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാധാരണ നിലയിൽ ഭൂമിയും സൗകര്യങ്ങളും കുറഞ്ഞ നിരക്കിൽ കൊടുക്കുമ്പോഴാണ് സംരംഭകർക്ക് അത് ആകർഷകമാകുന്നത്. അതുകൊണ്ട് ഈ പരാതി പരിഹരിക്കുന്നതിന് കഴിയുന്നതെല്ലാം ചെയ്യുന്നതാണ്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ, പ്രവാസി മലയാളികൾ ഏറെയുള്ള ജില്ലയാണ് കാസർഗോഡ്. കാസർഗോഡ് ഇൻവെസ്റ്റേഴ്സ് മീറ്റിലും നല്ല അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉയർന്നുവന്നിരുന്നു. അടിസ്ഥാന സൗകര്യം ഏറെയുള്ള ഒരു ജില്ല എന്നുള്ള നിലയിൽ പ്രവാസി മലയാളി സുഹൃത്തുക്കൾ കാസർഗോഡ് ഇൻവെസ്റ്റേഴ്സ് മീറ്റിൽ മുന്നോട്ട് വച്ചിട്ടുള്ള ഏതെങ്കിലും പദ്ധതികൾ ഒരു സംയുക്ത സംരംഭം എന്നുള്ള നിലയിൽ ഏതെങ്കിലും ഗവൺമെന്റ് ഏജൻസിയെക്കൂടെ ഉൾപ്പെടുത്തിക്കൊണ്ട് തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എളമരം കരീം : സർ, അങ്ങനെ ഒരു സംയുക്ത സംരംഭമായി രൂപംകൊള്ളാവുന്ന വ്യക്തമായ നിർദ്ദേശം വന്നില്ല. എങ്കിലും നല്ല സാധ്യത പരിഗണിച്ചാണ് മഞ്ചേശ്വരത്ത് 500 ഏക്കർ ഭൂമി വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് ഏറ്റെടുക്കാൻ ഗവൺമെന്റ് നടപടികൾ സ്വീകരിച്ചത്. അത് ഏറ്റവും അനുയോജ്യമായ സ്ഥലമാണ്. അത് എത്രയും വേഗം യാഥാർത്ഥ്യമായാൽ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ സംരംഭങ്ങൾ കൊണ്ടുവരാൻ കഴിയുമെന്നാണ് ഞാൻ കരുതുന്നത്.

ശ്രീ. എം. എ. വാഹീദ് : സർ, പ്രവാസികളുടെ ഒരു കേന്ദ്രമാണ് കഴക്കൂട്ടം മണ്ഡലം. ഒരാളെങ്കിലും ഇല്ലാത്ത വീടുകൾ ചുരുക്കമാണ്. അതിൽ ഒരുപാട് പേർ തിരിച്ചു വന്നിട്ടുണ്ട്. അതുകൊണ്ട് സിഡ്ക്കോയുടെയോ കിൻഫ്രയുടെയോ ആഭിമുഖ്യത്തിൽ അവിടെ ഒരു വ്യവസായ പാർക്ക് ഉണ്ടാക്കിയാൽ വ്യവസായം നടത്താൻ തയ്യാറുള്ള വ്യവസായവുമായി ബന്ധപ്പെട്ട ഒരുപാട് പ്രവാസികൾ കഴക്കൂട്ടത്തുണ്ട്. അതുകൊണ്ട് അതിന് ആവശ്യമായ സ്ഥലം യാതൊരു ബുദ്ധിമുട്ടും ഇല്ലാതെ സർക്കാരിന് എടുത്ത് തരാൻ ഞാൻ മുൻകൈ എടുക്കുന്നതാണ്. അങ്ങനെ ഒരു പ്രോജക്ട് കിൻഫ്രയുടെയോ സിഡ്ക്കോയുടെയോ ആഭിമുഖ്യത്തിൽ നടത്താൻ ഗവൺമെന്റ് തയ്യാറുണ്ടോ, ഉണ്ടെങ്കിൽ അതിന്റെ കാര്യങ്ങൾ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എളമരം കരീം : സർ, തിരുവനന്തപുരം ജില്ലയിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു വ്യവസായപാർക്ക് ബഹുമാനപ്പെട്ട മെമ്പറുടെ മണ്ഡലത്തിലാണ്, കിൻഫ്രയുടെ ആനിമേഷൻ പാർക്കും ഇൻഡസ്ട്രിയൽ പാർക്കും. കൂടുതൽ സൗകര്യങ്ങൾ മെമ്പർ നിർദ്ദേശിക്കുകയാണെങ്കിൽ അത് പരിശോധിക്കാൻ ഉടനെ ആവശ്യപ്പെടാം. അവിടെത്തന്നെയാണ് കെ.എസ്.ഐ.ഡി.സി. ലൈഫ് സയൻസ് പാർക്ക് സ്ഥാപിക്കാൻ പോകുന്നത്. അതിന്റെ സ്ഥലമെടുപ്പ് അവസാന ഘട്ടത്തിലാണ്. വാല്യുവേഷൻ നടന്നുകൊണ്ടിരിക്കുകയാണ്. അവിടെ പുതിയ സംരംഭങ്ങൾ ധാരാളം വരാൻ സാധ്യതയുണ്ട്. ഇനിയും ചൂണ്ടിക്കാണിച്ചാൽ സ്ഥലം ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. ടി. ജലീൽ : സർ, അൽബറാക് ഫൈനാൻസിയേഴ്സ് സർവ്വീസസ് ഇൻഡ്യ ലിമിറ്റഡ് എന്ന പേരിൽ ഇന്ത്യയിൽ ആദ്യമായി ഒരു പലിശമുക്ത കമ്പനി സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്. ഇതിനെ പ്രവാസികളുടെ നിക്ഷേപവുമായി ബന്ധപ്പെടുത്തി വലിയ തോതിൽ മൂലധനം നമുക്ക് സമാഹരിക്കാൻവേണ്ടി കഴിയും. പ്രവാസികളും ഇത്തരത്തിലുള്ള ഒരു സംരംഭത്തിൽ നിക്ഷേപിക്കാനാണ് കൂടുതൽ ആഗ്രഹിക്കുന്നത്. ഇതിന് സർക്കാർ പ്രത്യേകമായി മുൻകൈയെടുക്കുമോ?

ശ്രീ. എളമരം കരീം : സർ, പ്രധാനമായും വിശ്വാസപരമായ കാരണങ്ങളാൽ പലിശ ഈടാക്കുന്ന നിക്ഷേപത്തിൽ പണം നിക്ഷേപിക്കാൻ വൈമനസ്യമുള്ള ആളുകളുടെ നിക്ഷേപം സ്വീകരിക്കുകയെന്നതാണ് ഈ ധനകാര്യസ്ഥാപനം രൂപീകരിക്കാൻ തീരുമാനിച്ചപ്പോഴുണ്ടായ കാരണം. അതിൽ വരുന്ന നിക്ഷേപം ബിസിനസ്സുകളിൽ നിക്ഷേപിക്കാവുന്നതാണ്. ചൂതാട്ടം, മദ്യവില്പന, മദ്യം ഉല്പാദനം തുടങ്ങിയ ബിസിനസ്സുകളിൽ നിക്ഷേപിക്കാൻ പാടില്ലെന്ന് ചില വ്യവസ്ഥകളുണ്ട്. എന്നാൽ വികസന പദ്ധതികളിൽ നിക്ഷേപിക്കാവുന്നതാണ്. ആ വികസന പദ്ധതികൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ധാരാളം സമ്പത്ത് ഇതിൽ സമാഹരിക്കാനുള്ള സാധ്യതയുണ്ട്. അത് കണക്കിലെടുത്താണ് ഈ സ്ഥാപനമുണ്ടാക്കിയത്.

ശ്രീ. എം. ഉമ്മർ : സർ, മലപ്പുറത്ത് ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററിനോട് ചേർന്ന് ഇൻകലുമായി ചേർന്നിട്ടുള്ള വ്യവസായ സംരംഭത്തിന്റെ പ്രവർത്തനം എവിടംവരെ എത്തിയിട്ടുണ്ട്, അത് എന്ന് പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്നതിനെക്കുറിച്ച് വ്യക്തമാക്കാമോ?

ശ്രീ. എളമരം കരീം : സർ, കെ.എസ്.ഐ.ഡി.സി.യുടെ മലപ്പുറം ഗ്രോത്ത് സെന്ററിൽ പ്രോജക്ട് ആരംഭിക്കുന്നത് ഇൻകലും കെ.എസ്.ഐ.ഡി.സി.യും സംയുക്ത സംരംഭമായിട്ടാണ്. അതിനായി ജോയിന്റ് വെൻച്വർ കമ്പനി രൂപീകരിച്ചിട്ടുണ്ട്. അവിടെ സോൺ അടിസ്ഥാനത്തിൽ വിവിധ സംരംഭങ്ങൾക്കായി സോണിംഗ് നടത്തിയിട്ടുണ്ട്. സംരംഭകർക്കായി അഡ്വർടൈസ് ചെയ്തിട്ടുണ്ട്. വളരെ വേഗത്തിൽ ആരംഭിക്കാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, വൻകിട വ്യവസായികൾക്ക് വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് സാങ്കേതികമായ പരിജ്ഞാനം ഏറെ ഉള്ളവരാണ്; പക്ഷേ അതിനപ്പുറം വളരെ പാവപ്പെട്ട പ്രവാസികളായ ആളുകളുണ്ട്. കാരണം അവരൊന്നും വലിയ നിക്ഷേപമുള്ളവരല്ല. അവരുടെ ഏറ്റവും വലിയ പ്രശ്നമെന്നു പറയുന്നത് വയബിൾ പ്രോജക്ട് അവർക്ക് കിട്ടുന്നില്ലെന്നതാണ്. അതോടൊപ്പംതന്നെ മറ്റൊരു പ്രശ്നം അവർക്ക് ഇതുപോലെ തുടങ്ങാൻ ആവശ്യമായ സ്ഥലവും ലഭ്യമല്ല. അപ്പോൾ വലിയ ധനം മുടക്കി ഇത് വാങ്ങാൻ കഴിയില്ല. അതുകൊണ്ട് കേരളത്തിൽ തുടങ്ങുന്ന വ്യവസായ കേന്ദ്രങ്ങളിലും വ്യവസായ സംരംഭങ്ങളിലും പ്രവാസികൾക്ക് ഒരു നിശ്ചിത ശതമാനം അവരുടെ നിക്ഷേപത്തിനുവേണ്ടി ഒഴിവാക്കിക്കൊണ്ടുള്ള സംവിധാനത്തെപ്പറ്റി സംസ്ഥാന സർക്കാർ ആലോചിക്കുമോ, അത് കൂടുതൽ സംരംഭകരെ ആകർഷിക്കാൻ ഇടയാക്കും. അങ്ങനെ ഒരു കാര്യം ചെയ്യുമോ ?

ശ്രീ. എളമരം കരീം : സർ, ഇത് പരിഗണിക്കാവുന്ന ഒരു നിർദ്ദേശമാണ്. നമ്മുടെ വ്യവസായ പാർക്കുകളിൽ പ്രവാസികൾക്കായി ഒരു പ്രത്യേക പരിഗണന നൽകുന്ന കാര്യം ഗവൺമെന്റ് ഗൗരവമായി ആലോചിക്കുന്നതാണ്.

മി. സ്പീക്കർ : ചോദ്യം നമ്പർ 242

ദുരന്ത നിവാരണ നയം

2 (*242) ശ്രീ. കെ. രാജു :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ദുരന്ത നിവാരണ നയം പ്രഖ്യാപിച്ചിട്ടുണ്ടോ ; എങ്കിൽ ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) യുവജന കർമ്മ സേന, സുരക്ഷാ ക്ലബ്ബുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) തോണി അപകടങ്ങൾ ഒഴിവാക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സർ,

(എ) ഉണ്ട്. റവന്യൂ (ദുരന്തനിവാരണ) വകുപ്പിന്റെ കീഴിൽ സംസ്ഥാന തലത്തിൽ ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനുമായി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. ജില്ലാ തലത്തിൽ ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാ ദുരന്ത